പാലക്കാട്
എക്സ്പ്രസ്
REG.NO.KERMAL/2015/64278

NOVEMBER-19-2026 | PALAKKAD EXPRESS | RS.3.00

പുനർജനി നൂഴൽ

2026 നവംബർ 21 വൃശ്ചിക മാസത്തിലെ വെളുത്ത ഏകാദശി, ഗുരുവായൂർ ഏകാദശി ദിവസം ശനിയാഴ്ച


തിരുവില്വാമല ശ്രീ വില്വാദ്രിനാഥ മഹാക്ഷേത്രത്തിനടുത്തുള്ള ഒരു അത്ഭുത പ്രതിഭാസമാണ് പുനർജ്ജനി ഗുഹ. ക്ഷേത്രത്തിൽ നിന്നും ഒന്നരഫർലോങ്ങ് മാറികിഴക്കു ഭാഗത്താണ് ഈ ഗുഹയുടെ സ്ഥാനം. ഭാരതപ്പുഴയുടെ അരികെ കിഴക്കു നിന്ന് പടിഞ്ഞാറായി കിടക്കുന്ന ഭൂതമല, വില്വമല, മൂരിക്കുന്ന് എന്നീ പാറക്കൂട്ടങ്ങളെയാണ് വില്വമാമലയായി അറിഞ്ഞു വരുന്നത്. ഇതിൽ ഭൂതമലയുടെയും, വില്വമലയുടെയും അതിരിലാണ് പുനർജ്ജനി സ്ഥിതി ചെയ്യുന്നത്. ശ്രീ വില്വാദ്രിനാഥ ക്ഷേത്രദർശനപുണ്യം സമ്പാദിച്ച അശരീരികളായ പ്രേതങ്ങൾക്ക് മുക്തിക്കു പരശുരാമൻ അപേക്ഷിച്ചതിന്റെ പേരിൽ ദേവേന്ദ്രന്റെ നിർദ്ദേശപ്രകാരം വിശ്വകർമ്മാവ് പണികഴിപ്പിച്ചതാണത്രെ പുനർജ്ജനി. ക്ഷേത്രത്തിൽ നിന്നും കാൽ നാഴിക കിഴക്ക് മലയുടെ വടക്കേ ചെരിവിൽ എന്നും വറ്റാത്ത 'ഗണപതി തീർത്ഥം' സ്പർശിച്ചു വേണം പുനർജ്ജനിയിലേക്ക് പുറപ്പെടുക. മലമുകളിലൂടെ ഒന്നൊന്നര നാഴിക വഴി തെക്കു കിഴക്കായി യാത്ര ചെയ്താൽ ഉദ്ദേശം മുപ്പതു കോലോളം വരുന്ന ചെങ്കുത്തായ പാറയ്ക്കു മുകളിലെത്തും. അവിടെ ചുമരിന് വളരെന്നോണം ജനിച്ചു നിൽക്കുന്ന



പാറയിൽ കൂടി കുറച്ചുദൂരം തെക്കുപടിഞ്ഞാട്ടു ചെന്നാൽ വിശാലമായ 'പാപനാശിനി' തീർത്ഥത്തിൽ എത്താം. പരശുരാമൻ നിർമ്മിച്ച് ഗംഗാസാന്നിദ്ധ്യം വരുത്തിയതാണ് ഈ തീർത്ഥം. പാപനാശിനി തീർത്ഥത്തിൽ ദേഹശുദ്ധി വരുത്തി ചെങ്കുത്തായ പാറയുടെ അടിവാരത്തിൽ ചെന്നാൽ ഒരാളിൽ കൂടുതൽ ഉയരത്തിലായി ഗുഹാദ്വാരം കാണാം. ഈ ഗുഹാരംഭത്തിൽ കുറച്ചു ദൂരം വടക്കോട്ട് കുമ്പിട്ടു നടന്നു നീങ്ങാം. പിന്നീട് വടക്കു പടിഞ്ഞാറായി ചെരിഞ്ഞു പോകുന്ന ഗുഹാദ്വാരത്തിലൂടെ ഇരുന്നു നിരങ്ങണം. അകലെ നിന്ന് പാറപ്പിളർപ്പിലൂടെ കിട്ടുന്ന വെളിച്ചത്തിന്റെ നാമ്പുകൾ മാത്രമാണ് ഈ ഇരുട്ടിലെ ഒരേ ഒരാശ്വാസം. അതു കഴിഞ്ഞാൽ കുറെദൂരം കിഴക്കോട്ട് മലർന്നു കിടന്ന് മുകളിലെത്തി നിൽക്കുന്ന പാറയിൽ തൊട്ടുതൊട്ടു കുറെദൂരം യാത്ര ചെയ്യണം. അടുത്തടുത്തുവരുന്ന സഹയാത്രികനെപ്പോലും കാണാൻ വയ്യാത്തത്ര ഇരുട്ടിലൂടെ യാത്രചെയ്ത് കമിഴ്ന്നു കിടക്കത്തക്ക വിശാലതയിലെത്തുന്നു. ഇവിടുന്നങ്ങോട്ടുള്ള കുറെ ദൂരമാണ് പുനർജ്ജനിയുടെ ദിവ്യ മേലോട്ട് കയറിയതിനുശേഷം അവിടെനിന്നും വിശാലമായ ചെരിവിലൂടെ കമിഴ്ന്ന് ഇഴഞ്ഞു നീങ്ങിയാൽ അരക്കോലോളം സമചതുരുമായ ബഹിർഗ്ഗമന പ്രദേശത്ത് എത്തുന്നു. പാപനാശിനിയിൽ പോയി ശുദ്ധിവരുത്തി പുനർജ്ജനിഗുഹയുടെ ഉത്ഭവസ്ഥാനത്തു തന്നെ ചെല്ലണം. അവിടെ ഉദ്ദേശം പത്തുകോൽ പടിഞ്ഞാറുഭാഗത്തു കാണുന്ന പാതാളതീർത്ഥം ആടണം. ഈ തീർത്ഥവും പരശുരാമ നിർമ്മിതമാണെന്നും ബ്രഹ്മകമണ്ഡലുതീർത്ഥ സാന്നിദ്ധ്യമുള്ളതാണെന്നും വിശ്വസിക്കപ്പെടുന്നു. കുറച്ചുകൂടി പടിഞ്ഞാട്ട് ചെന്നാൽ ഐരാവതത്തിന്റെ കൊമ്പുതട്ടിയുത്ഭവിച്ച കൊമ്പുതീർത്ഥത്തിലെ ജലം മുക്കിയെടുക്കണം. അടുത്തുതന്നെയുള്ള, ദേവേന്ദ്രന്റെ അമ്പേറ്റ അമ്പുതീർത്ഥത്തിലെ ജലം വടികളോ മറ്റോ ഉപയോഗിച്ചെടുക്കണം. ഇങ്ങനെ ഒരു പ്രാവശ്യം പുനർജ്ജനി നൂഴുന്നതോടെ ഒരു ജന്മം അവസാനിച്ചതായി കണക്കാക്കപ്പെടുന്നു. വർഷത്തിൽ ഒരു ദിവസം മാത്രമാണ് ഭക്തജനങ്ങൾ നൂഴുക. വൃശ്ചിക മാസത്തിലെ വെളുത്ത ഏകാദശി - ഗുരുവായൂർ ഏകാദശി -ക്ക് ധാരാളം ഭക്തജനങ്ങൾ രാവിലെ മുതൽ വൈകുന്നേരം വരെ ഈ പുണ്യകർമ്മത്തിൽ പങ്കെടുക്കുന്നു. പുനർജനി നൂഴലിനു ശേഷം തിരുവില്വാമല ക്ഷേത്രവും സന്ദർശിച്ചാൽ മാത്രമേ മോക്ഷപ്രാപ്തി ലഭിക്കുകയുള്ളു എന്നാണ് വിശ്വാസം

കടപ്പാട് രാഘവൻ നായർ ശ്രീ വില്വാദ്രി കഥാമൃതം

തിരുവില്വാമല ശ്രീ വില്വാദ്രി നാഥ ക്ഷേത്രത്തിലെ പുനരുദ്ധാരണ പ്രവൃത്തികൾക്ക് 12.11.2026 ന് സമാരംഭം കുറിച്ചു. തന്ത്രി ബ്രഹ്മശ്രീ വിഷ്ണു ഭട്ടത്തിരിപ്പാട്, ദേവസ്വം ബോർഡ് അധികാരികൾ, വാസ്തു വിദഗ്ദരായ കാണിപ്പയ്യൂർ കൃഷ്ണൻ നമ്പൂതിരിപ്പാട്, വേഴപ്പാമ്പ് ചിത്രഭാനു നമ്പൂതിരിപ്പാട്, ശില്പി എളവള്ളി ശിവദാസ്, ഉപദേശക സമിതി അംഗങ്ങൾ, രവിചന്ദ്രൻ കോയമ്പത്തൂർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ കാലത്ത് 11 മണിക്ക് ശേഷം പടിഞ്ഞാറേ നടയിലുള്ള ബലിക്കൽ പുരയിൽ തന്ത്രിമാരായ കൃഷ്ണൻ ഭട്ടത്തിരിപ്പാട്, നാരായണൻ ഭട്ടത്തിരിപ്പാട് എന്നിവർ ഓട് ഇളക്കി മാറ്റി പ്രതികാത്മകമായി ചടങ്ങുകൾ നടത്തി.



ശ്രീ വില്വാദ്രി നാഥ ക്ഷേത്രത്തിൽ മുപ്പിൽ സ്വാമിയാർക്ക് ഭിക്ഷയും വെച്ച് നമസ്കാരവും നടന്നു. കാലത്ത് 8 മണിക്ക് ക്ഷേത്രത്തിനു മുന്നിലെ കവാടത്തിന് മുന്നിൽ എത്തിയ തൃശൂർ നടുവിൽ മഠം മുപ്പിൽ സ്വാമിയാരെ (ശ്രീ പരമനാഭ സ്വാമി ക്ഷേത്രത്തിലെ പുഷ്പാഞ്ജലി സ്വാമിയാരെ) പൂർണ്ണ കുംഭം നൽകി സ്വീകരിച്ചു. കുത്തു വിളക്ക്, ശംഖ്, വേദ ജപം, വാദ്യം എന്നിവയുടെ അകമ്പടിയോടെ ക്ഷേത്രത്തിലേക്കാനയിച്ച സ്വാമിയാർ ർ ശ്രീ കോവിലിലുള്ള ദേവന് പുഷ്പാഞ്ജലി കഴിച്ച് കിഴക്കേ നടയിൽ കുത്തമ്പലത്തിനു മുന്നിൽ സജ്ജമാക്കിയ സ്ഥലത്ത് ഭിക്ഷ സ്വീകരിച്ചു. മേൽശാന്തിമാർ വെച്ചുനമസ്കാരം നടത്തി. തുടർന്നു ക്ഷേത്രം സ്റ്റേജിൽ അനുഗ്രഹ പ്രഭാഷണവും ഭക്തജനങ്ങൾക്കായുള്ള വെച്ചുനമസ്കാരവും നടന്നു.

തന്ത്രി കെ പി നാരായണൻ ഭട്ടത്തിരിപ്പാട്, മേൽശാന്തിമാർ, വേദജ്ഞർ, ദേവസ്വം അസിസ്റ്റന്റ് കമ്മിഷണർ ദിപേഷ്, മാനേജർ വിജയകുമാർ, ഉദ്യോഗസ്ഥർ, ഉപദേശക സമിതി അംഗങ്ങൾ, ബ്രാഹ്മണ സമൂഹം എന്നിവർ ചടങ്ങുകൾ നിയന്ത്രിച്ചു.





വൈവിധ്യങ്ങളായ ഭക്ഷ്യവിഭവങ്ങൾ കൃത്രിമ രുചിക്കൂട്ടുകൾ ഇല്ലാതെ എല്ലാവിധ വെജിറ്റേറിയൻ നോൺ വെജിറ്റേറിയൻ

ഭക്ഷ്യവിഭവങ്ങൾ ആസ്വദിച്ച് കഴിക്കാൻ സന്ദർശിക്കുക രുചി മലബാർ പി കെ ദാസ് ഹോസ്പിറ്റൽ വാണിയംകുളം..8590409300

ബിരിയാണി,മന്തി (നോർമൽ),പെരിപെരി അൽഫാം,പെപ്പർ അൽഫാം,ഹണി ചില്ലി മന്തി,ചിക്കൻ ഫ്രൈഡ് റൈസ്വെജ് ഫ്രൈഡ് റൈസ്,എഗ്ഗ് ഫ്രൈഡ് റൈസ്,സെഷ്വാൻ ചിക്കൻ ഫ്രൈഡ് റൈസ്,സെഷ്വാൻ എഗ്ഗ് ഫ്രൈഡ് റൈസ്,ബട്ടർ ചിക്കൻചില്ലി ചിക്കൻ,ഡ്രാഗൺ ചിക്കൻ,പെപ്പർ ചിക്കൻ,ചിക്കൻ കൊാട്ടം,ചിക്കൻ 65,പനീർ ബട്ടർ,ചില്ലി പനീർ,ഡ്രാഗൺ പനീർ,പനീർ 65,പനീർ കടായ്,പനീർ മഞ്ജൂരിയൻ,ഗോബി മഞ്ജൂരിയൻ,മഷ്റൂംമസാലമഷ്റൂം പെപ്പർ ഫ്രൈ,മഷ്റൂം റോസ്റ്റ്,ഷവർമ്മ പ്ലേറ്റ്,ഷവർമ്മ റോൾ,ലോഡഡ് ചിക്കൻ,ക്രിസ്പി ചിക്കൻ ബർഗർ,വെജ് ബർഗർ,ക്രിസ്പി ചിക്കൻ സാന്റ്വിച്ച്വെജ് ക്യൂബ് സാന്റ്വിച്ച്,അറബിക് റോൾ,വെജ് റോൾ,സ്റ്റീംഡ് മോമോസ്,ഫ്രൈഡ് മോമോസ്,പെരി പെരി മോമോസ്,ചിക്കൻ നഗട്ട്സ്,ചിക്കൻ പോപ്കോൺ